# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1660** **06.03.2017 ൽ മറുപടിയ്ക്ക്**

## പഞ്ചായത്തുകളിലെ ജോലിഭാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ.എം. ആരിഫ്** | | **ഡോ.കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വിവിധ കോടതി വ്യവഹാരങ്ങളെ തുടർന്ന് 18 മാസമായി മുടങ്ങികിടന്നിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ 204 ഒഴിവുകൾ ഉൾപ്പെടെയുള്ള മുഴുവൻ തസ്തികകളിലും പ്രൊമോഷൻ മുഖേന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം പി.എസ്.സി വഴി നിയമനം നടത്തേണ്ട ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് മുതലായ തസ്തികകളിലെ ഒഴിവുകൾ യഥാസമയം തന്നെ റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾക്ക് മാത്രമായി എല്ലാ പഞ്ചായത്തിലും ഒരു ക്ലാർക്കിന്റേയും ഓഫീസ് അസിസ്റ്റന്റിന്റേയും തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്തിലെ ഒരു ക്ലാർക്കിനും ഒരു ഓഫീസ് അറ്റൻഡന്റിനും ഓരോ ദിവസവും റൊട്ടേഷൻ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾ ചുമതല നൽകുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് മാത്രമായി ജീവനക്കാരെ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ